# യൂണിറ്റ് ടെസ്റ്റ് 2011 – 12

# യു. പി. സാമൂഹ്യശാസ്ത്രം

# സ്റ്റാൻഡേർഡ് VII

## മൂല്യനിർണയ പ്രവർത്തനങ്ങൾ

I. നിലപാടുതലം (നിലപാടു സ്വീകരിക്കൽ)

1. ‘*മതമേതായാലും മനുഷ്യൻ നന്നായാൽ മതി.*

*ഒരു ജാതി ഒരു മതം ഒരു ദൈവം മനുഷ്യന്* ‘(ശ്രീ നാരായണ ഗുരു)

‘*മറ്റുള്ളവർ നിങ്ങളോട് എങ്ങനെ പെരുമാറണമെന്ന് നിങ്ങൾ ആഗ്രഹിക്കുന്നുവോ അതുപോലെ അവരോടും പെരുമാറുക*‘ (ബൈബിൾ)

‘*തനിക്കുവേണ്ടി താൻ ഇഷ്ടപ്പെടുന്നത് തന്റെ സഹോദരനും ഇഷ്ടപ്പെടുന്നതുവരെ, നിങ്ങളിൽ ഒരാളും യഥാർത്ഥ വിശ്വാസിയാകുകയില്ല.*‘ (നബിവചനം)

എല്ലാ മതങ്ങളും മനുഷ്യനന്മ, സഹിഷ്ണുത, പരസ്പര സ്നേഹം ബഹുമാനം ഇവയെല്ലാം ലക്ഷ്യമാക്കുന്നു. എന്നിട്ടും മതത്തിന്റെ പേരിൽ മനുഷ്യർകലഹിക്കുന്ന വാർത്തകൾ നിത്യവും നമ്മൾ കാണുകയും കേൾക്കുകയും ചെയ്യുന്നു. അന്ധവിശ്വാസങ്ങളുടെയും അനാചാരങ്ങളുടെയും മറ്റു മതങ്ങളോടുള്ള ആദരവില്ലായ്മയുടെയും കാരണങ്ങൾ പരിശോധിച്ച് ഇവ ഇല്ലാതാക്കുവാൻ എന്തൊക്കെ ചെയ്യുവാൻ കഴിയുമെന്ന് വിശദമാക്കുക.

2. ‘*ആർക്കും തിന്മ വരുത്തണമെന്ന് ആഗ്രഹിക്കരുത്.*‘ ഗുരുനാനാക്ക്

‘*നിന്നെപ്പോലെ നിന്റെ അയൽക്കാരനെയും സ്നേഹിക്കുക*‘ – ബൈബിൾ

‘*തനിക്ക് വേണ്ടി താൻ ഇഷ്ടപ്പെടുന്നത് തന്റെ സഹോദരനും ഇഷ്ടപ്പെടുന്നതുവരെ നിങ്ങളിലൊരാളും യഥാർത്ഥ വിശ്വാസിയാവുകയില്ല.*‘ മുഹമ്മദ് നബി

‘*മതമേതായാലും മനുഷ്യൻ നന്നായാൽ മതി.*‘ ശ്രീ നാരായണഗുരു

മുകളിൽ നൽകിയിരിക്കുന്ന സൂക്തങ്ങൾ വായിച്ചല്ലോ? പരസ്നേഹം, പെരുമാറ്റം, പ്രവർത്തി, സഹായം, നന്മ, പുരോഗതി, സാമൂഹിക ബന്ധം തുടങ്ങിയ മേഖലകളുമായി ബന്ധപ്പെടുത്തി മനുഷ്യൻ എങ്ങനെ പെരുമാറണമെന്നാണ് മതങ്ങൾ പഠിപ്പിക്കുന്നത്. മതങ്ങളുടെ അന്തസത്തയെക്കുറിച്ച് നിങ്ങളുടെ പ്രതികരണം രേഖപ്പെടുത്തുക.

3. ജാതിമത വ്യത്യാസം കൂടാതെ എല്ലാ കുട്ടികൾക്കും വിദ്യാലയത്തിൽ ചേർന്നു പഠിക്കുന്നതിനുള്ള അവസരം ഇന്നു നമ്മുടെ നാട്ടിലുണ്ട്. എന്നാൽ മുൻകാലങ്ങളിൽ അങ്ങനെയായിരുന്നില്ല. സാമൂഹ്യ നവീകരണ പ്രസ്ഥാനങ്ങളും, പരിഷ്ക്കർത്താക്കളും ഇക്കാര്യത്തിൽ വിലപ്പെട്ട സംഭാവനകൾ നൽകിയിട്ടുണ്ട്. ഈ മാറ്റങ്ങൾ കൈവരിക്കുവാൻ ഇത്തരം പ്രസ്ഥാനങ്ങളും നവോത്ഥാന നായകരും വഹിച്ച പങ്ക് വിശദമാക്കുന്ന ഒരു ലഘുവിവരണം തയ്യാറാക്കുക.

4. ഇറച്ചി, മുട്ട, പാൽ, പച്ചക്കറി. അരി തുടങ്ങിയവയ്ക്കെല്ലാം നാം അന്യസംസ്ഥാനങ്ങളെയാണ് ആശ്രയിക്കുന്നത്. ഇത് നമ്മുടെ നാട്ടിലെ ജനങ്ങളുടെ ആരോഗ്യവും സമ്പത്തും വലിയതോതിൽ നശിപ്പിക്കുന്നു. ഈ പ്രസ്താവനയോടുള്ള നിങ്ങളുടെ അഭിപ്രായവും പ്രശ്നപരിഹരണത്തിനുള്ള നിർദ്ദേശങ്ങളും രേഖപ്പെടുത്തുക.

5. കേരളത്തിൽ വ്യാപകമായി കൃഷിയിടങ്ങൾ മണ്ണിട്ടു നികത്തുന്നതായി താഴെ നൽകിയിട്ടുള്ള

ചിത്രങ്ങളിൽ നിന്നും മനസിലാക്കാം. എന്താണിതിനു കാരണം ഇതു നിയന്ത്രിക്കുന്നതിനുള്ള നിങ്ങളുടെ നിർദ്ദേശങ്ങൾ രേഖപ്പെടുത്തുക.





6. താഴെ കൊടുത്തിട്ടുള്ള ചിത്രങ്ങൾ താരതമ്യം ചെയ്യൂ.



*10 വർഷങ്ങൾക്ക് മുമ്പ് എന്റെ നാട്*



*10 വർഷത്തിന് ശേഷം എന്റെ നാട്*

എന്തെല്ലാം മാറ്റങ്ങളാണ് ഇപ്പോൾ ഗ്രാമത്തിന് സംഭവിച്ചിട്ടുള്ളത്? ഈ മാറ്റം പുരോഗമന പര മാണോ? നിങ്ങളുടെ അഭിപ്രായം വിശദമാക്കുക

## II. അപഗ്രഥനവും നിഗമനരൂപീകരണവും

1. സാമൂഹ്യശാസ്ത്ര സെമിനാറിൽ അവതരിപ്പിക്കുന്നതിനായി ആശ തയ്യാറാക്കിയ രണ്ടു പട്ടികകൾ താഴെ നൽകുന്നു.

| നെൽക്കൃഷി | വിസ്തീർണം |
|---|---|
| 1952-53 | 742 |
| 1973 - 74 | 874 |
| 1980 - 91 | 802 |
| 1990 - 91 | 559 |
| 1995 - 96 | 471 |
| 2004 - 05 | 290 |

| നാണ്യവിള വിസ്തൃതി | | | |
|---|---|---|---|
| | വിള | വിസ്തൃതി | കൃഷിഭൂമിയുടെ % |
| 1 | തെങ്ങ് | 9.0 | 40 |
| 2 | റബ്ബർ | 4.8 | 21 |
| 3 | കുരുമുളക് | 2.2 | 10 |
| 4 | കവുങ്ങ് | 1.0 | 4 |
| 5 | കശുമാവ് | 0.9 | 4 |
| 6 | കാപ്പി | 0.9 | 4 |
| 7 | തേയില | 0.4 | 2 |
| 8 | ഏലം | 0.4 | 2 |
| | ആകെ | 19.6 | 87 |

പട്ടിക അപഗ്രഥിച്ച് കൃഷിയെ സംബന്ധിച്ച് നിങ്ങളുടെ അഭിപ്രായം രേഖപ്പെടുത്തുക.

പ്രവർത്തനം 2 (അപഗ്രഥനവും നിഗമന രൂപീകരണവും)

കേരളത്തിലെ മഴയും കൃഷിയും പ്രധാനമായും മൺസൂണിനെ ആശ്രയിച്ചാണ്. ഇതിന് സഹായകമാകുന്നത് പശ്ചിമഘട്ട മലനിരകളാണ്. പശ്ചിമഘട്ട മലനിരകൾക്ക് നടുവിലായി സ്ഥിതി ചെയ്യുന്നെങ്കിലും പാലക്കാടൻ ചുരത്തിൽ മൺസൂൺ കാലവർഷം കാര്യമായി ലഭിക്കുന്നില്ല. ഇതിന്റെ കാരണങ്ങൾ വിശകലനം ചെയ്ത് ഒരു കുറിപ്പ് തയ്യാറാക്കുക

പ്രവർത്തനം 3 (അപഗ്രഥനവും നിഗമന രൂപീകരണവും)

| |
|---|
| *കടകളിൽ കൊള്ള; വാഹനങ്ങൾ കത്തിച്ചു.* |

| |
|---|
| **എല്ലായിടങ്ങളിലും അഴിമതി രൂക്ഷമാകുന്നു** |

| |
|---|
| *സ്ത്രീധന പീഡനം: യുവാവ് അറസ്റ്റിൽ* |

| |
|---|
| **കൊയ്യാൻ ആളില്ല, കർഷകർ ദുരിതത്തിൽ** |

നിരന്തരപ്രയത്നങ്ങളിലൂടെ നേടിയെടുത്ത നവോത്ഥാന മൂല്യങ്ങൾ നഷ്ടപ്പെടുന്ന സാഹചര്യങ്ങളാണ് വർത്തമാനകാല സംഭവങ്ങൾ തെളിയിക്കുന്നതെന്ന് ബോധ്യപ്പെടുന്നുണ്ടല്ലോ? ദൈവത്തിന്റെ സ്വന്തം നാട് എന്ന് അഭിമാനിക്കുന്ന നമ്മുടെ നാട്ടിൽ സാമൂഹ്യബോധം വളർത്താനും സംരക്ഷിക്കാനും വിദ്യാർത്ഥികളെന്ന നിലയിൽ എന്തൊക്കെ ചെയ്യാൻ കഴിയുമെന്ന് രേഖപ്പെടുത്തുക.

പ്രവർത്തനം 4 (അപഗ്രഥനവും നിഗമന രൂപീകരണവും)

**ജൂൺ 21**

ഉദയം - 6.09

അസ്തമയം - 6.38

**ഡിസംബർ 22**

ഉദയം - 6.35

അസ്തമയം - 6.05

**മാർച്ച് 21**

ഉദയം - 6.28

അസ്തമയം - 6.29

**സെപ്റ്റംബർ - 23**

ഉദയം - 6.13

അസ്തമയം - 6.14

മുകളിൽ നൽകിയിട്ടുള്ള പട്ടിക അവലോകനം ചെയ്തതിൽ നിന്ന് പകലിന്റെ ദൈർഘ്യം വ്യത്യസ്ത കാലങ്ങളിൽ വ്യത്യാസപ്പെട്ടിരിക്കുന്നുവെന്ന് ബോധ്യമായല്ലോ? പകലിന്റെ ഈ ഏറ്റക്കുറച്ചിലിന്റെ കാരണങ്ങൾ വിശകലനം ചെയ്ത് ഒരു കുറിപ്പ് തയ്യാറാക്കുക. ചിത്രങ്ങളും ചേർക്കാം.

## III. അറിവിന്റെ പ്രയോഗം

പ്രവർത്തനം 1





കേരളീയ സമൂഹത്തിൽ നിലനിന്നിരുന്ന ജന്മി കുടിയാൻ വ്യവസ്ഥയെക്കുറിച്ച് ധാരണ നൽകുന്ന ചിത്രങ്ങളാണ് മുകളിൽ നൽകിയിട്ടുള്ളത്. അക്കാലത്തെ ജന്മിമാരുടെയും കുടിയാന്മാരുടെയും അവസ്ഥകൾ താരതമ്യം ചെയ്ത് നിങ്ങളുടെ നിരീക്ഷണങ്ങളും ഉൾപ്പെടുത്തി ഒരു കുറിപ്പ് തയ്യാറാക്കുക.

പ്രവർത്തനം 2

നാടായ നാടൊക്കെ നെല്പാടങ്ങൾ മണ്ണിട്ട് നികത്തുന്നതിന്റെ നേർക്കാഴ്ചകൾ നിങ്ങൾക്കു മുന്നിൽ തന്നെയുണ്ട്. ഇതുമൂലമുണ്ടാകുന്ന ദോഷങ്ങൾ നമുക്കറിയാം. ഭക്ഷ്യക്ഷാമം, ജലക്ഷാമം, പരിസ്ഥിതി നാശം മുതലായവ ചില ഉദാഹരണങ്ങളാണ്.

ഇവയെല്ലാം മനസിലാക്കിയിട്ടും ഒരു നെൽകർഷകൻ തന്റെ പാടം മണ്ണിട്ട് നികത്താൻ തീരുമാനിച്ചു. അയാളെ അതിന് പ്രേരിപ്പിച്ചത് എന്തെല്ലാമായിരിക്കും? ഈ പ്രവണതയിൽ നിന്ന് പിന്മാറാൻ നെൽകർഷകർക്ക് എന്തെല്ലാം സഹായങ്ങളാണ് ലഭ്യമാക്കേണ്ടത്? ഗവൺമെന്റ്, കൃഷി, നിയമങ്ങൾ - വൈദ്യുതി - ജലവകുപ്പുകൾ, നെല്ല്, സംഭരണം, വിപണനം, വിള ഇൻഷ്വറൻസ് തുടങ്ങിയ മേഖലകൾ ഉൾപ്പെടുത്തി സാമൂഹ്യശാസ്ത്ര ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ നെൽകൃഷിയുടെ ഇന്നത്തെ അവസ്ഥ - സെമിനാറിൽ അവതരിപ്പിക്കുന്നതിനായി പ്രഭാഷണം തയ്യാറാക്കുക.

പ്രവർത്തനം 3

ലക്ഷങ്ങൾ ദാരിദ്ര്യത്തിലും അജ്ഞതയിലും ജീവിക്കുന്നിടത്തോളം കാലം അവരുടെ ചെലവിൽ വിദ്യാഭ്യാസം നേടുകയും അവരെ അല്പം പോലും ശ്രദ്ധിക്കാതിരിക്കുകയും ചെയ്യുന്ന ഓരോരുത്തനെയും ഞാൻ രാജ്യദ്രോഹിയായി കരുതുന്നു. (സ്വാമി വിവേകാനന്ദൻ)

കുട്ടികളെ നാളെയുടെ വാഗ്ദാനങ്ങളാക്കി വളർത്തിയെടുക്കാൻ ഉത്തരവാദിത്തപ്പെട്ട ഒരു സമൂഹത്തിലാണ് നാം ജീവിക്കുന്നത്. കഠിനാധ്വാനം ചെയ്യുന്ന മാതാപിതാക്കൾ, അർപ്പണ ബോധമുള്ള ഗുരുക്കന്മാർ, കുട്ടികളുടെ അവകാശങ്ങൾ, വിദ്യാഭ്യാസ അവകാശം തുടങ്ങിയ നിയമങ്ങൾ കൊണ്ട് പൊതിഞ്ഞ് സൂക്ഷിക്കാൻ ഭരണകൂടം, ചുറ്റിനും കൈത്താങ്ങായി സമൂഹം അങ്ങനെ ഒരുത്തമ പൗരനായിത്തീരുന്ന ഒരാൾക്ക് അതിന്റെ പിന്നിൽ അധ്വാനിച്ച മേൽപ്പറഞ്ഞവരോടുള്ള ഉത്തരവാദിത്വങ്ങൾ എന്തൊക്കെയായിരിക്കും? മനോഭാവം വ്യക്തമാക്കുക.

പ്രവർത്തനം 4

1915 ലെയും 1930 ലേയും കുടിയാൻ നിയമം

1954 ലെ ഭൂഉടമസ്ഥ കൈവശാവകാശ നിയന്ത്രണ നിയമം

1959 ലെ കാർഷിക ബന്ധനിയമം

1963 ലെ ഭൂപരിഷ്കരണ നിയമം

1969 ലെ ഭൂപരിഷ്കരണ ഭേദഗതി നിയമം

ഭൂമിയുമായി ബന്ധപ്പെട്ട് കേരളത്തിൽ വ്യത്യസ്ത കാലങ്ങളിൽ നടപ്പിലാക്കിയ

നിയമങ്ങളേക്കുറിച്ചുള്ള സൂചനകളാണ് മുകളിൽ തന്നിട്ടുള്ളത്. ഈ നിയമങ്ങളുടെ ഫലമായി കേരളത്തിലെ കർഷകർക്ക് ഉണ്ടായിട്ടുള്ള നേട്ടങ്ങൾ പട്ടികപ്പെടുത്തുക.

പ്രവർത്തനം 5

രാജാറാം മോഹൻ റോയ്, ദയാനന്ദസരസ്വതി, സ്വാമി വിവേകാനന്ദൻ, ശ്രീ രാമകൃഷ്ണ പരമഹംസർ, മഹാദേവ ഗോവിന്ദ റാണഡെ, ആനി ബസന്റ്, ശ്രീ നാരായണഗുരു, അയ്യങ്കാളി, സർ സയ്യിദ് അഹമ്മദ്ഖാൻ

19 -ാം നൂറ്റാണ്ടിൽ ഇന്ത്യയിൽ നവോത്ഥാന പ്രസ്ഥാനങ്ങൾക്ക് രൂപം കൊടുക്കുകയും സാമൂഹ്യ പരിഷ്ക്കരണ പ്രക്രിയകളിൽ സജീവ പങ്കാളിത്തം വഹിയ്ക്കുകയും ചെയ്ത ഏതാനും ദേശീയ നേതാക്കളുടെ പേരുകളാണ് മുകളിൽ തന്നിട്ടുള്ളത്. ഇവരിൽ ആരെങ്കിലും രണ്ടുപേരുടെ സേവനത്തെക്കുറിച്ച് ലഘുകുറിപ്പുകൾ തയ്യാറാക്കുക.

അറിവിന്റെ നിർമ്മാണം

പ്രവർത്തനം 1 ( പ്രശ്നനിർദ്ധാരണ പ്രവർത്തനങ്ങളുടെ ആസൂത്രണം)

കരിമ്പുഴ ഗ്രാമപഞ്ചായത്തിലെ ഏറ്റവും പ്രായമേറിയ ജനപ്രതിനിധിയാണ് കണ്ണൻ നായർ. ക്വിറ്റ് ഇന്ത്യാസമരം ഉൾപ്പെടെ സ്വാതന്ത്ര്യ പ്രക്ഷോഭങ്ങളിലും, സാമൂഹ്യ അസമത്വങ്ങൾക്കെതിരെയുള്ള നിരവധി സമരങ്ങളിലും അദ്ദേഹം സജീവമായി പങ്കെടുത്തിട്ടുണ്ട്. ജന്മിത്തകാലത്തെക്കുറിച്ചും അക്കാലത്തു നടന്ന കർഷകഭൂസമരങ്ങളെക്കുറിച്ചും അദ്ദേഹത്തിൽ നിന്ന് വിവരങ്ങൾ ശേഖരിക്കുവാൻ സ്കൂൾ സാമൂഹ്യശാസ്ത്രക്ലബ്ബ് തീരുമാനിച്ചു. അദ്ദേഹവുമായി അഭിമുഖ സംഭാഷണം നടത്തി വിവരങ്ങൾ ശേഖരിക്കുവാൻ ആവശ്യമായ ചോദ്യാവലി തയ്യാറാക്കുക. കുറഞ്ഞത് 5 ചോദ്യങ്ങളെങ്കിലും ഉണ്ടാവണം.

പ്രവർത്തനം 2 (പ്രശ്നനിർദ്ധാരണ പ്രവർത്തനങ്ങളുടെ ആസൂത്രണം)

| സംസ്ഥാനം | ഒരു വർഷം ലഭിക്കുന്ന മഴയുടെ അളവ്(മി.മി) |
|---|---|
| തമിഴ്നാട് | 998 |
| രാജസ്ഥാൻ | 494 |
| മേഘാലയ | 2818 |
| ആന്ധ്രാപ്രദേശ് | 912 |
| കേരളം | 3103 |
| മദ്ധ്യപ്രദേശ് | 1178 |

ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിലെ വാർഷിക മഴ ലഭ്യതയാണ് മുകളിലെ പട്ടികയിൽ നൽകിയിട്ടുള്ളത്. മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കൂടുതൽ മഴ ലഭിക്കുന്നുണ്ടെങ്കിലും കേരളത്തിൽ വ്യാപകമായ ജലദൗർലഭ്യം അനുഭവപ്പെടുന്നുണ്ട്. ഈ പ്രശ്നം വിശകലനം ചെയ്ത് പരിഹാരമാർഗങ്ങൾ നിർദ്ദേശിക്കുക.

പ്രവർത്തനം 3

ജന്മി കുടിയാൻ വ്യവസ്ഥയെക്കുറിച്ചും അന്നത്തെ കൃഷിക്കാരുടെ കഷ്ടപ്പാടുകളെക്കുറിച്ചും നാം പലതും പഠിച്ചു. ഇനിയും എത്രയോ സംഭവങ്ങൾ അന്ന് ജീവിച്ചിരുന്നവർക്ക് പറയാറുണ്ടാകും. 90 വയസ് കഴിഞ്ഞ ചോതി മൂപ്പനെ സന്ദർശിച്ചാലോ.

ജന്മി കുടിയാൻ വ്യവസ്ഥ നിലനിന്നിരുന്ന കാലഘട്ടത്തെക്കുറിച്ചറിയുന്നതിന് ചോതി മൂപ്പനുമായി നടത്താനുദ്ദേശിക്കുന്ന അഭിമുഖത്തിന് അനുയോജ്യമായ ചോദ്യാവലി തയ്യാറാക്കുക.

## ഒന്നാം ടേം മൂല്യനിർണയം 2011 – 12

## യു. പി. സാമൂഹ്യശാസ്ത്രം

## സ്റ്റാൻഡേർഡ് VII

അധ്യാപകർക്കുള്ള നിർദ്ദേശങ്ങൾ

ഒന്നാം ടേം മൂല്യനിർണയത്തിനുള്ള ചോദ്യബാങ്ക് ആണ്. മുഴുവൻ ചോദ്യങ്ങളും മൂല്യനിർണയത്തിന് ഉപയോഗിക്കേണ്ടതില്ല.

തെരഞ്ഞെടുത്ത പ്രവർത്തനങ്ങളാണ് മൂല്യനിർണയത്തിന് ഉപയോഗിക്കേണ്ടത്.

പ്രവർത്തനങ്ങൾ തെരഞ്ഞെടുക്കുമ്പോൾ പൂർത്തിയായ എല്ലാ യൂണിറ്റുകളിലെയും പ്രവർത്തനങ്ങൾ ഉണ്ടെന്ന് ഉറപ്പുവരുത്തണം.

മൂല്യനിർണയത്തിലെ എല്ലാ മേഖലകളും എല്ലാ പ്രക്രിയാശേഷികളും ഉൾപ്പെട്ടിട്ടുണ്ട് എന്ന് ഉറപ്പുവരുത്തണം. (സൂചകങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.)

വിവിധ നിലവാരത്തിലുള്ള പ്രവർത്തനങ്ങളാണ് ചോദ്യബാങ്കിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. പ്രവർത്തനങ്ങൾ തെരഞ്ഞെടുക്കുമ്പോൾ കുട്ടികളുടെ ഉയർന്ന ചിന്താ നിലവാരം ഉറപ്പുവരുത്തണം.

ഭൂമിശാസ്ത്ര സംബന്ധിയായ പ്രവർത്തനങ്ങൾ മൂല്യനിർണയത്തിൽ നിർബന്ധമായും ഒരെണ്ണമെങ്കിലും ഉൾപ്പെടുത്തണം.

ഒരേ ആശയങ്ങൾ വരുന്ന പ്രവർത്തനങ്ങൾ ആവർത്തിച്ചു വരാതിരിക്കാൻ ശ്രദ്ധിക്കണം.